(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-14/982/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ, തീയതി:24.09.2018
E-mail:doidk.ksad@kerala.gov.in
Ph:04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ശാന്തൻപാറ ഗ്രാമപഞ്ചായത്ത് -2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/982/2018 തീയതി : 24.09.2018

# ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) ,1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം–വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.08.2017 മുതൽ 17.07.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ്

റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 23.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ. എം.റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ് | സീനി.ഗ്രേഡ് |
| | ശ്രീ.സാമുവൽ രാജ് ആർ. | സീ.ഗ്രേ.ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ജിഷാ ദിലീപ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ബാബു സുരേഷ് എ.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | പി.ബി. പ്രമോദ് | 01.04.2017 മുതൽ 23.10.2017 വരെ |
| | ശ്രീ. അനൂപ് ജോർജ്ജ് | 24.10.2017 മുതൽ 08.12.2017 വരെ |
| | ശ്രീ. റ്റി. സൈജു | 09.12.2017 മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റ്റി.ജി ആര്യാംബാൾ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രാധാമണി കെ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.കാളീശ്വരൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മിനി സി. ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സെബീന സി.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (ശാന്തൻപാറ സർക്കിൾ) | രശ്മിരാജ്. ഡി | 01.04.2017 മുതൽ 09.06.2017 വരെ |
| | സേതുശിവദാസ് | 10.06.2017 മുതൽ 07.07.2017 വരെ |
| | രശ്മിരാജ്.ഡി | 08.07.2017 മുതൽ 17.10.2017 വരെ |
| | സേതുശിവദാസ് | 18.10.2017 മുതൽ 07.12.2017 വരെ |
| | റോഷൻ സെബാസ്റ്റ്യൻ | 08.12.2017 മുതൽ 01.01.2018 വരെ |
| | രശ്മിരാജ്.ഡി | 02.01.2018 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (പൂപ്പാറ സർക്കിൾ) | രശ്മിരാജ്.ഡി (ഇൻചാർജ്) | 01.04.2017 മുതൽ 09.06.2017 വരെ |
| | സേതുശിവദാസ് (ഇൻചാർജ്) | 10.06.2017 മുതൽ 07.07.2017 വരെ |
| | റോഷൻ സെബാസ്റ്റ്യൻ | 08.02.2017 മുതൽ 01.01.2018 വരെ |
| | രശ്മി രാജ് ഡി | 02.01.2018 മുതൽ 07.02.2018 വരെ |
| | റോഷൻ സെബാസ്റ്റ്യൻ | 08.02.2018 മുതൽ 31.03.2018 വരെ |

| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വേരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുളിന്മേലുള്ള അപാകതകൾ |
| ഭാഗം-2 വരവ് കണക്കുളിന്മേലുള്ള നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വാടകയും ചരക്ക് സേവന നികുതിയും ഈടാക്കിയില്ല. |
| 14 | 2-2 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. |
| 16 | 2-3 | വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല. |
| ഭാഗം-3 ചെലവ് കണക്കുളിന്മേലുള്ള നിരീക്ഷണങ്ങൾ | | |
| 17 | 3-1 | എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം തുകകൾ നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല. |
| 18 | 3-2 | തെരുവ് വിളക്കുകളുടെ പരിപാലനം |
| 19 | 3-3 | പൈപ്പ് ഇട്ടതിന് ട്രെഞ്ചിംഗ് നടത്താതെ ട്രെഞ്ചിംഗിനുള്ള തുക നൽകി.നഷ്ടം ₹60,147/- |
| 20 | 3-4 | പഞ്ചായത്ത് ഓഫീസ് റിക്കാർഡ് റൂം നിർമാണത്തിന് അധികം തുക നൽകി -നഷ്ടം -19684/- |
| 21 | 3-5 | ഹരിത കർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട്- ഇൻസിനിറേറ്റർ സ്ഥാപിച്ചതിൽ അപാകത. |
| 22 | 3-6 | മാലിന്യ നിർമ്മാർജ്ജനം-സർക്കാർ ഉത്തരവ് പൂർണമായി പാലിക്കപ്പെടുന്നില്ല. |
| 23 | 3-7 | കാർഷികപദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ സഹകരണ ബാങ്കിൽ നിന്നും വളം നേരിട്ട് വാങ്ങി |
| 24 | 3-8 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ- ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സം₹850895/-. |
| 25 | 3-9 | മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല. |
| 26 | 3-10 | ആശ്രയ പദ്ധതി -₹300000 വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| 27 | 3-11 | ഐ.കെ.എം ന് വിഹിതം നൽകിയതിന് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സം ₹70000/- |
| 28 | 3-12 | അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാനാകാത്ത തുക അവശേഷിക്കുന്നു. |
| ഭാഗം-4 ധനസ്ഥിതി വിവരവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. |

| | | |
|---|---|---|
| 30 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. |
| 32 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 37 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 39 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 40 | അനുബന്ധം-2 | 1) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് |

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017ലെ I-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹161138365/-യും ചെലവ് ₹160607180/-യും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 10.05.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018, 23.06.2018 | കെ.എസ്.എ.ഐ.ഡി.കെ.3/677 /2018(5) തീയതി:29.09.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14294152 |
| വരവ് | ₹69598873 |
| ആകെ | ₹83893025 |
| ചെലവ് | ₹69098997 |
| നീക്കിയിരിപ്പ് | ₹14794028 |

### 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (ACR പ്രകാരം) | | 0 | 17995000 | 17995000 | 14862692 | 3132308 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 0 | 9073455 | 9073455 | 7969125 | 1104330 |
| വികസന ഫണ്ട് റ്റി.എസ്.പി (ACR പ്രകാരം) | | 0 | 668728 | 668728 | 581352 | 87376 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11204000 | 11204000 | 10998118 | 205882 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3801000 | 3801000 | 3765180 | 35820 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13590214 | 13590214 | 6765087 | 6825127 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | സെൻട്രൽ | 0 | 1680176 | 1680176 | 1676753 | 3423 |
| | സ്റ്റേറ്റ് | 0 | 218368 | 218368 | 218368 | 0 |
| സാക്ഷരത | | 665 | 26 | 691 | 12 | 679 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 21482641 | 21482641 | 21482641 | 0 |
| | അഡ്മിനി സ്ട്രേറ്റിവ് ചെലവ് | 118490 | 984486 | 1102976 | 1102145 | 831 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐ.സി. ഡി.എസ്. | 0 | 1319171 | 1319171 | 881485 | 437686 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച ചേർക്കക) | കടിവെള്ള പദ്ധതി | 0 | 1850000 | 1850000 | 0 | 1850000 |
| റ്റി.എസ്.സി | | 202400 | 2354350 | 2556750 | 2354350 | 202400 |
| എസ്.എസ്.എ | | 373003 | 0 | 373003 | 0 | 373003 |
| ശുചിത്വമിഷൻ | | 0 | 1162550 | 1162550 | 1126800 | 35750 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 450000 | 450000 | 385425 | 64575 |
| | ജില്ലാ പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | 0 | 21385800 | 21385800 | 21385800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4633788 | 6298000 | 10931788 | 10931788 | 0 |
| തനത് ഫണ്ട് | ബാങ്ക് | 8690551 | 13256213 | 21946764 | 8527230 | 13419534 |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | 4999949 | 9426500 | 14426449 | 13801320 | 625129 |
| മറ്റിനം | | 0 | 37500 | 37500 | 0 | 37500 |

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 16-09-2018 ലെ ഡി.പി.സി./50/17/ഡി.പി.ഒ/ ഐ.ഡി.കെ ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 73686071 | 169 | 48411991 | 16 | 13 | 85.35 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം | പദ്ധതി നം & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഇല്ല | | | |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം | നിർവ്വഹണഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ്% |
|---|---|---|---|---|
| 1 | സെക്രട്ടറി | 5305271 | 3909342 | 73.69 |
| 2 | അസി. സെക്രട്ടറി | 426300 | 98000 | 22.99 |
| 3 | കൃഷി ഓഫീസർ | 6001895 | 3791983 | 63.18 |
| 4 | വെറ്റിനററി സർജൻ | 2586989 | 1606320 | 62.09 |
| 5 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3194200 | 2670911 | 83.62 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 300000 | 300000 | 100 |
| 7 | ഗ്രാമസേവകൻ | 4928000 | 2522747 | 51.19 |
| 8 | അസി. എഞ്ചിനീയർ | 47853378 | 30649646 | 64.05 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2440038 | 2263042 | 92.75 |
| 10 | ഹെഡ് മാസ്റ്റർ | 650000 | 600000 | 92.31 |
| ആകെ | | 73686071 | 48411991 | 65.70 |

വിവിധ മേഖലകളിലെ ചെലവ് വിവരം

| | പൊതുവിഭാഗം | | | പട്ടികജാതി വിഭാഗം | | | പ്രത്യേക ഘടക പദ്ധതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉല്പാദനം | 7607164 | 4665961 | 61.34 | 1583020 | 807342 | 51.00 | - | - | - | 9190184 | 5473303 | 59.56 |
| സേവനം | 23073406 | 15366562 | 66.60 | 8258308 | 5044771 | 61.09 | 494000 | 409222 | 82.84 | 31825714 | 20820555 | 65.42 |
| പശ്ചാത്തലം | 29269471 | 19362333 | 66.15 | 3225702 | 2583670 | 80.10 | 175000 | 172130 | 98.36 | 32670173 | 22118133 | 67.70 |
| ആകെ | 59950041 | 39394856 | 65.71 | 13067030 | 8435783 | 64.56 | 669000 | 581352 | 86.90 | 73686071 | 48411991 | 65.70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 118490 | 984486 | 1102976 | 1102145 | 831 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 21482641 | 21482641 | 21482641 | - |
| ആകെ | 118490 | 22467127 | 22585617 | 22584786 | 831 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5400 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 44000 | 4 |
| വിധവാ പെൻഷൻ | 7716400 | 643 |
| വാർദ്ധക്യകാല പെൻഷൻ | 11883300 | 943 |
| വികലാംഗ പെൻഷൻ | 1603200 | 136 |
| അവിവാഹിത പെൻഷൻ | 43500 | 4 |
| വിവാഹ ധനസഹായം | 80000 | 2 |
| ആകെ | 21375800 | 1745 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹192/-യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയറിൽ പേഴ്സണൽ രജിസ്റ്റർ ഉൾപ്പെടെ ഫയൽ ട്രാക്കിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ അക്കൗണ്ടുകളും മറ്റു രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണസംവിധാനത്തിന്റെ ഇടപെടൽ തൃപ്തികരമായ നിലയിൽ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗ് ഫലപ്രദമായ രീതിയിൽ ഉണ്ടായിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2018 | മെയ് 2018 | 28.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.06.2004 മുതൽ 03.07.2004 വരെ | 1997-98 മുതൽ 2003-04 വരെ | 07.10.2004 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി-തൻ വർഷം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വരവ് ഡിമാന്റിനെക്കാൾ I-1 (₹1106533) കളക്ഷൻ കൂടുതലാണ് (₹1199995). 2016-17 ലെ കടിശ്ശിക (റസിഡൻഷ്യൽ – നോൺ റസിഡൻഷ്യൽ) ₹47132427 ഉം കളക്ഷൻ ₹2019144 ഉം ബാലൻസ് ₹2694103 ഉം ആണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ (B- 15) ₹2593146 എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. 12 പ്രവൃത്തികൾക്ക് പാർട്ട് ബില്ലായി നൽകിയ തുക ₹3372508/- ബാലൻസ് ഷീറ്റിൽ(B- 11A) ഉൾപ്പെടുത്തിയിട്ടില്ല.

3. ഇ.എം.എസ്, ജവഹർ ഭവന പദ്ധതി എന്നിവയുടെ വായ്പ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഇവയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല.

4. തൊഴിൽ നികുതി ഇനത്തിൽ (Employees) തൻ വർഷം ബാലൻസ് ലഭിക്കുവാനുള്ള തുക ₹100 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. തൻ വർഷത്തെ കുടിശ്ശിക തുകയ്ക്ക് Income &Expenditure Statement ൽ Provisins (I- 16)ഉൾപ്പെടുത്തിയിട്ടില്ല.

6. എസ്.എസ്.എ തുകകൾ B-4, B-17 എന്നിവയിൽ വ്യത്യാസപ്പെട്ട് കാണുന്നു.

7. സാക്ഷരത- B-17 ലെ ബാലൻസ് തുക ₹679/- B-4 -ൽ പ്രതിഫലിച്ചിട്ടില്ല.

8. ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് (സിവെജ്, ഡ്രൈനേജ്, വാട്ടർവെയ്സ്) അപ്രോപ്രിയേഷൻ ചേർത്തിരിക്കുന്നു.

9. സ്ഥിരനിക്ഷേപങ്ങൾ – വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കൃത്യമായ ലാന്റ് വാല്യുവേഷൻ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടകയും ചരക്ക് സേവന നികുതിയും ഈടാക്കിയില്ല.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പുതിയ സ്രോതസ്സുകൾ കണ്ടെത്തേണ്ടതും നിലവിലുള്ള വരവിനങ്ങൾ യഥാസമയം പൂർണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-6/350 യുടെ തൻവർഷത്തെ വാടക ഈടാക്കിയിട്ടില്ല. ചരക്ക് സേവന നികുതി നിയമം അനുസരിച്ച് 01.07.2017 മുതൽ ജി. എസ്. റ്റി ഇനത്തിൽ 18% (സി. ജി. എസ്. റ്റി - 9%, എസ്. ജി. എസ്. റ്റി - 9%) നികുതി ഈടാക്കണമെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല. വാടകക്കാരിൽ നിന്നും ജി.എസ്.ടി. ഈടാക്കുന്നതിനും ആവശ്യമായ നിർദേശം ജീവനക്കാർക്കു നൽകുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി/ നമ്പർ | വാടകക്കാരന്റെ പേര് / വിലാസം | പ്രതിമാസ വാടക* മാസങ്ങൾ = ആകെ വാടക | ഈടാക്കേണ്ട ജി.എസ്.ടി. |
|---|---|---|---|---|
| 1 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 2 | വി.റ്റി സെബാസ്റ്റ്യൻ, വെട്ടുച്ചിറമലയിൽ, ശാന്തൻപാറ | 2993X9= 26937 | 4849 |
| 2 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് | വി. മുത്തു S/o വിനായക മൂർത്തി, ടാങ്ക്മേട്, | 2993X9= 26937 | 4849 |

| | | | | |
|---|---|---|---|---|
| | കോംപ്ലക്സ് കടമുറി 4 | ശാന്തൻപാറ | | |
| 3 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 5 | വി മുത്തു S/o വിനായക മൂർത്തി, ടാങ്ക്മേട് , | 4280X9= 38520 | 6934 |
| 4 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 8 | സെക്രട്ടറി (ടി.ഡി തോമസ്), സാസ്സ് , എസ്.എച്ച്.ജി, ശാന്തൻപാറ | 2578X9=23202 | 4176 |
| 5 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 10 | കെ.ഡി ഷാജി, കുട്ടക്കല്ലിൽ , ശാന്തൻപാറ | 3722X9=33498 | 6030 |
| 6 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 1 | മാനേജർ , മാവേലി സ്റ്റോർ, പൂപ്പാറ | 661X9=5949 | 1071 |
| 7 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 3 | ഷഫീന ജലാൽ, പുളിക്കൽ, പൂപ്പാറ | 7061X9=63549 | 11439 |
| 8 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 5 | കെ.വി ബാബു, കൊല്ലറക്കൽ, പൂപ്പാറ | 5655X9=50895 | 9161 |
| 9 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 8 | സമുദ്രവേൽ, പന്നിയാർ എസ്റ്റേറ്റ് , പന്നിയാർ | 3698X9=33282 | 5991 |
| 10 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി -10 | ജോസഫ് രാജ്, കൊച്ചുപറമ്പിൽ, പൂപ്പാറ പി.ഒ | 9555X9=85995 | 15479 |
| 11 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി -11 | മാനേജർ(എ.ടി.എം കൗണ്ടർ), ഐ.ഡി.സി.ബി, പൂപ്പാറ ബ്രാഞ്ച് | 5000X9=45000 | 8100 |
| 12 | പൂപ്പാറ കംഫർട്ട് സ്റ്റേഷൻ | കെ രവി S/o കറുപ്പൻ , മുണ്ടിക്കുന്നേൽ, പൂപ്പാറ | 10200X9=91800 | 16524 |
| 13 | ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി -6/345 | ആർ.മുനിയാണ്ടി, 6/480, ടാങ്ക്മേട്, ശാന്തൻപാറ | 2625X9=23625 | 4253 |
| 14 | ശാന്തൻപാറ ബസ്റ്റാൻറ് | അരുൺകുമാർ, കൃഷ്ണവിലാസം, | 2625X9=23625 | 4253 |

| | | | | |
|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലക്സ് കടമുറി 6/346 | കിളിരൂർ പി.ഒ, കോട്ടയം | | |
| 15 | ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-6/347, | അരുൺകുമാർ, കൃഷ്ണവിലാസം, കിളിരൂർ പി.ഒ, കോട്ടയം | 2625X9=23625 | 4253 |
| 16 | ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-6/349 | റഷീദ്, പുതുപ്പറമ്പിൽ, ശാന്തൻപാറ | 2888x9 =25992 | 4679 |
| 17 | ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-6/350 | റഷീദ്, പുതുപ്പറമ്പിൽ, ശാന്തൻപാറ | 2888x9=25992 | 4679 (12 മാസത്തെ വാടക ₹34656/-യും ഈടാക്കിയിട്ടില്ല.) |
| 18 | ശാന്തൻപാറ ബസ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-6/351 | കെ.എം സിദ്ദിഖ്, കേളംകടിയിൽ, പൂപ്പാറ | 5250x9= 47250 | 8505 |
| 19 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി - 3 | അബ്ദുൾനാസർ, സുലേഖമന്ദിരം, ശാന്തൻപാറ | 2932x9=26388 | 4750 |
| 20 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി - 9 | ഇ.വി.ശശി, ഇലവുംങ്കതടത്തിൽ, ശാന്തൻപാറ | 3755x9=33795 | 6083 |
| 21 | പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-11 | ശക്തിവേൽ കെ, പൂപ്പാറ | 9683x9=87147 | 15686 |
| 22 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി - 6 | വിജയകമാരൻ ഉണ്ണിത്താൻ, മണ്ണടിയത്ത്, ശാന്തൻപാറ | 3350x9=30150 | 5427 |
| 23 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി - 7 | വിജയകുമാരൻ ഉണ്ണിത്താൻ, മണ്ണടിയത്ത്, ശാന്തൻപാറ | 3450x9=31050 | 5589 |
| 25 | ശാന്തൻപാറ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി - 1 | സെയ്ദ് സുലൈമാൻ, മറക്കയൂർ തെൻകാശി | 16,600x9=149400 | 26892 |

| | | | | |
|---|---|---|---|---|
| 26 | തലക്കുളം വെയ്റ്റിംഗ് ഷെഡ്- റൂം | കബീർ s/oഅബ്ദുൾ റഹിം, ഐക്കാട്ട് , പൂപ്പാറ | 1360x7=9520 | 1714 |
| 27 | 11/284, പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് | സിബി ജോസഫ് , എടാട്ട് ഹൗസ്, കോലാനി പി.ഒ, തൊടുപുഴ | 7800x5=39000 | 7020 |
| 28 | 11/283, പൂപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് | അനിൽകുമാർ ബി, കുഴികണ്ടത്തിൽ. ചേരിയാർ | 7200x5= 36000 | 6480 |
| 29 | 7/447, രാജാപ്പാറ വെയ്റ്റിംഗ് ഷെഡ് റൂം | ജോസഫ് സേവ്യർ, കരിങ്ങാട്ടിൽ, നെടുങ്കണ്ടം | 1500x5=7500 | 1350 |
| 30 | ശാന്തൻപാറ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | ആർ.മുനിയാണ്ടി, 6/480, ടാങ്ക്മേട്, ശാന്തൻപാറ | 600x4=2400 | 432 |
| 31 | ശാന്തൻപാറ ടൗൺ കംഫർട്ട് സ്റ്റേഷൻ | പി.എ.അലി, പുള്ളിയിൽ, ശാന്തൻപാറ | 500x3=1500 | 270 |
| | | ആകെ | | 206918 |

## 2-2 വാടക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശാന്തൻപാറ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം. 6/350 ശ്രീ. റഷീദ്, പുതുപ്പറമ്പിൽ, ശാന്തൻപാറ എന്നയാൾക്ക് ₹2888/- പ്രതിമാസ നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്നു. വാടകക്കാരനുമായി നിശ്ചിത കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും 2017-18 വർഷത്തിൽ 4/17 മുതൽ 03/2018 വരെ നിശ്ചയച്ചിരുന്ന വാടക ₹34656/- (2888x12) ഈടാക്കിയിട്ടില്ല. ഈടാക്കാതിരുന്ന വാടക തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വാടക ഈടാക്കാത്തപക്ഷം ഈടാക്കുവാൻ അവശേഷിക്കുന്ന വാടക തുക വാടക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും. ശാന്തൻപാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിലെ വാടകയിന്മേലുള്ള ചരക്ക് സേവന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ നിലവിലുള്ള വരവിനങ്ങൾ യഥാസമയം പൂർണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ 2017-18 വർഷത്തെ വസ്തുനികുതി 6300/- ഈടാക്കിയിട്ടില്ല. നികുതി ഈടാക്കുന്നതിന് ആവശ്യമായ നിർദേശം ജീവനക്കാർക്കു നൽകുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടി ഉടൻ സ്വീകരിക്കേണ്ടതും മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്തിൽ 2017-18 വർഷത്തിൽ വസ്തു നികുതിയിനത്തിൽ കുടിശ്ശിക ഉൾപ്പടെ ₹ 3406933/- പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പുതിയ സ്രോതസ്സുകൾ കണ്ടെത്തേണ്ടതും നിലവിലുള്ള വരവിനങ്ങൾ യഥാസമയം പൂർണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്.

വസ്തു നികുതി ഈടാക്കുന്നതിന് ആവശ്യമായ നിർദേശം ജീവനക്കാർക്ക നൽകുവാനും ഉചിതമായ നടപടികൾ സ്വീകരിക്കുവാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

സെപ്റ്റംബർ മാസത്തിൽ 50% പിരിവ് ഉറപ്പാക്കേണ്ടതും ഡിസംബറിൽ 100% പിരിവ് നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയും കുടിശ്ശികയുണ്ടെങ്കിൽ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഫെബ്രുവരിയിൽ 100% നികുതി പിരിവ് ഉറപ്പാക്കുക എന്നുള്ളതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള യാതൊരു നടപടിയും സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിച്ചതായി കാണുന്നില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം തുകകൾ നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല

ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം ജി.ഒ.പി.നം.149/16/ഫിൻ. തി.4.10.16 ൽ നിർദ്ദേശിക്കുന്ന നിരക്കിലും ഗ്രൂപ്പ് ഇൻഷ്വറൻസ പ്രീമിയം ജി.ഒ.പി.നം.112/16/ഫിൻ.തി.01.08.16 ൽ നിർദ്ദേശിക്കുന്ന നിരക്കിലും ഒടുക്കു വരുത്തുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ്.എൽ.ഐ.

| ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | അടിസ്ഥാനശമ്പളം/ ശമ്പളസ്കെയിൽ | അടക്കേണ്ട തുക | അടച്ച തുക | കുറവ് തുക |
|---|---|---|---|---|
| ശ്രീ.സെബാസ്റ്റ്യൻ ജോസഫ്, അക്കൌണ്ടന്റ് | 33100 | 300 | 150 | 150 |
| ശ്രീ.ഗോപാലകൃഷ്ണപിള്ള കെ, ഹെഡ്ക്ലർക്ക്. | 33100 | 300 | 175 | 125 |
| ശ്രീ.തോമസ് റ്റി ജെ, സീനിയർ ക്ലർക്ക്. | 29900 | 300 | 220 | 80 |
| ഗ്രൂപ്പ് ഇൻഷ്വറൻസ് | | | | |
| ശ്രീ.തോമസ് റ്റി ജെ, സീനിയർ ക്ളാർക്ക്. | 25200-54000 | 400 | 100 | 300 |
| ശ്രീ.സെബാസ്റ്റ്യൻ ജോസഫ്, അക്കൗണ്ടന്റ്. | 27800-59400 | 400 | 100 | 300 |
| ദീപാമോൾ കെ, സീനിയർ ക്ലർക്ക് | 25200-54000 | 400 | 250 | 150 |
| ഷീന സേവ്യർ | 19000-43600 | 400 | 200 | 200 |
| വിജി പി ജോസഫ്, ക്ലർക്ക്. | 19000-43600 | 400 | 300 | 100 |

ഉത്തരവിൽ നിർദ്ദേശിക്കുന്ന നിരക്കിലുള്ള തുക ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 തെരുവ് വിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ തൻവർഷം ₹2,79,838/- കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയും പഞ്ചായത്തുമായി ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം സംയുക്ത പരിശോധനക്ക് വിധേയമാക്കുന്നില്ല. കൂടാതെ സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ ഇനം, എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി3/12 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് സംബന്ധിച്ച് ആവശ്യമായ അവലോകനം നടത്തുകയോ തെരുവ് വിളക്കുകളുടെ പരിപാലനം ഉറപ്പു വരുത്തേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഭാവിയിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 പൈപ്പ് ഇട്ടതിന് ട്രെഞ്ചിംഗ് നടത്താതെ ട്രെഞ്ചിംഗിനുള്ള തുക നൽകി.നഷ്ടം ₹60,147/-

താഴെ പറയുന്ന കുടിവെള്ള പദ്ധതികളിൽ ജി.ഐ പൈപ്പുകൾ ഇട്ടിരിക്കുന്നതിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ ഇനമാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾ നേരിട്ട് പരിശോധിച്ചപ്പോൾ ട്രെഞ്ചിംഗ് നടത്താതെ പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് ഇട്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. സ്ഥല പരിശോധനയിൽ പങ്കെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്കിൽ നിന്നും ട്രെഞ്ചിംഗിനുള്ള പണിക്കൂലി ഒഴിവാക്കി മരാമത്തു ബിൽ തയ്യാറാക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതെ ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്ക് കരാറുകാരന് നൽകിയതുമൂലം ₹60,147/- അധികമായി ചെലവഴിക്കാനിടയായി.

ട്രെഞ്ചിംഗ് & റീഫില്ലിംഗിന് അനുവദനീയമായ നിരക്ക്

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 114 | Belder | Day | 0.660 | 329 | 217.14 |
| 115 | Coolie | Day | 0.660 | 329 | 217.14 |
| | Total | | | | 434.28 |
| | Add water charge @ 1% | | | | 4.34 |
| | Total | | | | 438.62 |
| | Add CPOH @ 15 % | | | | 65.79 |
| | Cost for 10 meter | | | | 504.41 |
| | Cost for 1 meter | | | | 50.44 |
| | Cost index @ 55.24 % | | | | 27.86 |
| | Cost of trenching and refilling for GI pipe for 1 metre | | | | 78.30 |
| | Excluding CPOH(6.579/m+c.i@55.24%) | | | | 68.10 |

1. ചുണ്ടൽ -പന്നിയാർ -തോണ്ടിമല കുടിവെള്ള പദ്ധതി

| | |
|---|---|
| പദ്ധതി നമ്പർ | 113/17-18 (so) |
| അടങ്കൽ തുക | ₹12,22,000/- |
| ബിൽ നമ്പർ, തുക, തിയതി | 11/17-18,₹7,69,591/-, 12.7.2017<br>50/17-18,₹4,38,461/-,31.1.2018 |

| | |
|---|---|
| എം ബുക്ക് നംമ്പർ | 647/16-17 |
| കോൺട്രാക്ടർ | പി.സി.ജോസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

ജി.ഐ പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം,പേജ് നം | ട്രഞ്ചിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ ആകെ അളവ് | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്ത അളവ്-m | ട്രെഞ്ചിംഗ് നടത്താത്ത അളവ്-m | ട്രെഞ്ചിംഗ് നടത്തിയിട്ടില്ലാത്ത അളവിന് നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 32എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.3) | 12/21,25 | 836.85 | 376582.50 | 522 | 314.85 | 78.30x 314.85= 24653 | 24653 |
| 25 എം.എം.ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.3) | 13/22,36 | 451.50 | 203135 | 310 | 141.50 | 78.30x 141.50= 11079 | 11079 |
| 20 mm എം.എം.ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.2) | 14/22,36 | 373 | 167850 | 206 | 167 | 78.30x 167= 13076 | 13076 |
| ആകെ അധികം നൽകിയത് | | | | | | | 48,808 |

2. ബോഡിമെട്ട് കുടിവെള്ള പദ്ധതി മെയിന്റനൻസ്

| | |
|---|---|
| പദ്ധതി നമ്പർ | 112/17-18 (so) |
| അടങ്കൽ തുക | ₹2,00000/- |
| ബിൽ നംമ്പർ, തുക, തിയതി | 2/17-18,₹199985/-, 22.6.2017 |
| എം ബുക്ക് നമ്പർ | 47/16-17 |
| കൺവീനർ | മുത്തയ്യ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

ജി.ഐ പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം,പേജ് നം | പ്രവൃത്തിയുടെ അളവ് m2 | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്ത്ത അളവ്-m2 | ട്രെഞ്ചിംഗ് ട്രെഞ്ചിംഗ് നടത്താത്ത അളവ്-m2 | ട്രെഞ്ചിംഗിന് നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 50എം.എം.ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.6) | 1/4 | 266 | 154210.84 | 140 | 126 | 68.10x126 =8581 | 8581 |
| 40എം.എം.ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.5) | 2/4 | 90.50 | 43883.45 | 50 | 40.50 | 68.10x40.50 =2758 | 2758 |
| അധികം നൽകിയത് | | | | | | | 11339 |
| ഒട്ടാകെ | | | | | | | 60,147 |

ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക ₹60,147/-ഉത്തരവാദികളായ അസി. എഞ്ചിനീയർ, അസി.എക്സി.എഞ്ചിനിയർ എന്നീവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോയെന്ന പരിശോധിക്കുവാനും ആവശ്യമായ മോണിറ്ററിംഗ് നടത്തുവാനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് ഓഫീസ് റിക്കാർഡ് റൂം നിർമാണത്തിന് അധികം തുക നൽകി -നഷ്ടം -19684/-

പഞ്ചായത്ത് ഓഫിസ് റെക്കോർഡ് റൂം നിർമ്മാണം

| | |
|---|---|
| പദ്ധതി നമ്പർ | 131/17-18 (so) |
| അടങ്കൽ തുക | ₹4,30,000/- |
| ബിൽ നമ്പർ, തുക, തിയതി | 16/17-18,₹3,75,591/-, 30.6.2017 |
| എം ബുക്ക് നമ്പർ | 652/16-17 |
| കൺവീനർ | മല്ലിക മണികണ്ഠൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |

പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് റെക്കോർഡ് റൂം നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. റെക്കോർഡ് റൂമിന്റെ മേൽക്കൂര PRE COATED GALVANISED IRON PROFILE SHEET ഉപയോഗിച്ചാണ് മേഞ്ഞിരിക്കുന്നത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റിൽ റൂമിന്റെ മേൽക്കൂര 0.50 mm Pre coated galvanised iron profile sheet ഉപയോഗിച്ച് നിർമിക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഇതിൻ പ്രകാരം എം ബുക്കിലെ ഇനം നമ്പർ 13 ആയി 0.50 mm ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തിയിരിക്കുന്നു.എന്നാൽ അസി.എഞ്ചിനിയരുടെ സാന്നിദ്ധ്യത്തിൽ റെക്കോർഡ് റൂം നേരിട്ട് പരിശോധിച്ചപ്പോൾ മേൽക്കൂര 0.35 mm Pre coated galvanised iron profile sheet ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്. .35 m m ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മേയുന്നതിന് 2018-19 price rate ലെ 174121/18-19 (പേജ് 28) നിരക്ക് പ്രകാരം 423.53/m ആണ് അനുവദിക്കാവുന്നത്. 0.50 mmഷീറ്റിന്റെ നിരക്ക് നൽകുകയും

0.35mm ഷീറ്റ് ഉപയോഗിക്കുകയും ചെയ്തത് മൂലം 19,684/- അധികം നൽകിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

| എം ബുക്ക് പ്രകാരമുള്ള ഇനം.നം 13 | പ്രവൃത്തിയുടെ അളവ് | നിരക്ക് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| 0.50 mm Pre coated galvanised iron profile sheet | 47.88 m2 | 902.62 | 43217.44 (47.88x 902.62) | 23533 (47.88x 423.53) | 19684 |

0.35 mm Pre coated galvanised iron profile sheet ഉപയോഗിക്കുകയും 0.50 mm Pre coated galvanised iron profile sheet ന്റെ നിരക്ക് നൽകുകയും ചെയ്ത വകയിൽ നൽകാവുന്ന നിരക്കും അധികം നൽകിയ തുക ₹19,684/- ഉത്തരവാദിയായ അസി.എഞ്ചിനിയർ, അസി.എക്സി. എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുന്നതിനും ആവശ്യമായ മോണിറ്ററിംഗ് നടത്തുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഹരിത കർമ്മ സേന വയബിലിറ്റി ഗ്യാപ് ഫണ്ട്- ഇൻസിനിറേറ്റർ സ്ഥാപിച്ചതിൽ അപാകത.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 183/2018 |
| അടങ്കൽ | ₹397500/- |
| ബിൽ നം | 27/2017-18തീ: 28.03.2018 |
| തുക | ₹287500/- |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കളക്ഷൻ സെന്ററിൽ എത്തിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് ₹1,10,000/-ഉം മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ഒരു ഇൻസിലിനേറ്റർ സ്ഥാപിക്കുന്നതിന് ₹2,87,500/- ഉം വകയിരുത്തിയിരിക്കുന്ന പദ്ധതിയാണിത്. ഇൻസിലിനേറ്റർ സ്ഥാപിക്കുന്നതിന് അംഗീകരിച്ചിരിക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഹിന്ദുസ്ഥാൻ ട്രേഡിംഗ് കമ്പനിയുടെ ₹2,62,500/- ആണ്. 23.03.2018 ൽ സ്ഥാപനം ഹാജരാക്കിയ 32-ാം നമ്പർ ബിൽ പ്രകാരം ചെലവ് തുക ₹2,87,500/-ആണ്. മേൽ സൂചനബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അധികമായി ₹25,000/- ഉൾപ്പെടെ ₹2,87,500/- സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അധികമായി ഒരു പുക കുഴൽ കൂടി സ്ഥാപിച്ചതിനാലാണ് ₹25000/- അധികമായി നൽകിയതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ ക്വട്ടേഷനിൽ നിന്നും മാറ്റം വരുത്തി അധിക വേല നടത്തുന്നതിന് നൽകിയ റിക്വിസിഷനോ വേല പൂർത്തീകരിച്ചത് സംബന്ധിച്ച് കമ്പനി നൽകിയ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ആരോഗ്യ – വിദ്യഭാസ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി നടത്തിപ്പ് പരിശോധിക്കുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മാലിന്യ നിർമ്മാർജ്ജനം-സർക്കാർ ഉത്തരവ് പൂർണമായി പാലിക്കപ്പെടുന്നില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 128/2017-18 |
| പദ്ധതി | മാലിന്യ നിർമ്മാർജ്ജനം |
| ബിൽ നം | 30/2017-18 തീ : 28.03.2018 |
| തുക | ₹130540/- |

തരം തിരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുടുംബശ്രീ മുഖേന വാഹനത്തിൽ ശേഖരിച്ച് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രത്തിൽ

എത്തിച്ച് ജൈവവമാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനകൂലി, മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള പരസ്യബോർഡുകൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി വിഭാവനം നടത്തിയ പദ്ധതിയാണ്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് വാഹനവാടകയായി ₹1,04,850/- ബോർഡ് വയ്ക്കുന്നതിന് ₹25,690/- എന്നിവകൾക്കായി ആകെ ₹130540/- ചെലവഴിച്ചിരിക്കുന്നു. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ പരാമർശിക്കുന്നു.

I- സർക്കാർ ഉത്തരവ് അവഗണിക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15 ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നിർദ്ദേശം നൽകേണ്ടതാണെന്ന തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.07.2017 ലെ സ.ഉ. (സാധാ)2511/2017 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ശാന്തൻപാറയിലേയും മറ്റ് ടൗണുകളിലെയും ഹോട്ടലുകൾ മറ്റ് ഭക്ഷ്യ വിതരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജൈവമാലിന്യങ്ങൾ ശേഖരിക്കുകയും ജെ.സി.ബി ഉപയോഗിച്ച് ഡമ്പിംഗ് യാർഡിൽ ഇടുകയുമാണ് ചെയ്യുന്നത്.

II- നടത്തിപ്പിലെ അപാകതകൾ

1. ജെ.സി.ബി, ലോറി എന്നിവ വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

2. ബോർഡ് നിർമ്മിച്ചതിന് അടിമാലി ആതിര ഡിസൈനേഴ്സിന്റെ ₹25,690/-യുടെ ബിൽ മാത്രം ഫയലിൽ ലഭ്യമാണ്. ബോർഡുകൾ എവിടെ സ്ഥാപിച്ചെന്ന വിവരം ലഭ്യമല്ല. തുക കൊടുത്തതിന്റെയോ കൈപ്പറ്റിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ട.താണ്. മാലിന്യ നിർമാർജനം സംബന്ധിച്ച് ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി വേണ്ടത്ര പഠനം നടത്തിയിട്ടില്ല എന്നു വ്യക്തമാണ്.

## 3-7 കാർഷികപദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ സഹകരണ ബാങ്കിൽ നിന്നും വളം നേരിട്ട് വാങ്ങി

ഗ്രാമപഞ്ചായത്തിലെ താഴെ പരാമർശിക്കുന്ന കാർഷിക വികസന പദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ ശാന്തൻപാറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ജൈവവളങ്ങൾ വാങ്ങിയതായി കാണുന്നു.

| പദ്ധതി നം& പദ്ധതി | ഇൻ വോയ്സ് നം | വേപ്പിൻ പിണ്ണാക്ക് @28/- | സ്യൂഡോ മോണസ് @₹100 | വിവേറിയ @₹100 | കുമ്മായം @₹16 | ആകെ തുക ₹ | അനുവദിച്ച ധനസഹായ തുക ₹ | ബിൽ നം & തീയതി |
|---|---|---|---|---|---|---|---|---|
| ഏലം കൃഷി സമഗ്ര വികസനം പദ്ധതി (പൊതു വിഭാഗം) നം S:105/ 2017-18 | 1 | 24140 (കി.ഗ്രാം | 1360 (കി.ഗ്രാം | 1360 (കി.ഗ്രാം | 13740 (കി.ഗ്രാം | 1225560 | 919620 | ബിൽ നം:11/ 2017-18/ 08.03.2018 |
| | 2 | 5467 (കി.ഗ്രാം | 308 (കി.ഗ്രാം | 308 (കി.ഗ്രാം | 3927 (കി.ഗ്രാം | 277508 | 208131 | ബിൽ നം:16/ 2017-18/ 26.03.2018 |
| ഏലം കൃഷി സമഗ്ര വികസനം പദ്ധതി (എസ്.സി) നം S:106/ 2017-18 | 1 | 5680 (കി.ഗ്രാം | 200 (കി.ഗ്രാം | 200 (കി.ഗ്രാം | 3600 (കി.ഗ്രാം | 256640 | 192480 | ബിൽ നം:13/ 2017-18/ 08.03.2018 |
| | 2 | 426 (കി.ഗ്രാം | 15 (കി.ഗ്രാം | 15 (കി.ഗ്രാം | 270 (കി.ഗ്രാം | 19248 | 14436 | ബിൽ നം:17/ 2017-18/ 26.03.2018 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കുരുമുളക് കൃഷി സമഗ്ര വികസനം (പൊതു വിഭാഗം ) പദ്ധതി നം S:106/ 2017-18 | 1 | 13135 (കി.ഗ്രാം | 462.50 (കി.ഗ്രാം | 462.50 (കി.ഗ്രാം | 9250 (കി.ഗ്രാം | 608280 | 456210 | ബിൽ നം:12/ 2017-18/ 08.03.2018 |
| | 2 | 1065 | 37.50 | 37.50 | 750 | 49320 | 36990 | ബിൽ നം:18/ 2017-18/ 26.03.2018 |
| കുരുമുളക് കൃഷി സമഗ്ര വികസനം പദ്ധതി (എസ്.സി) നം S: 113/ 2017-18 | 1 | 4820 | 59 | 59 | 2950 | 193992 | 145494 | ബിൽ നം:14/ 2017-18/ 08.03.2018 |
| | 2 | 142 | 5 | 5 | 100 | 6576 | 4932 | ബിൽ നം:19/ 2017-18/ 26.03.2018 |
| ആകെ | | | | | | | 1978293 | |

| നെൽകൃഷി വികസനം | ഇൻ വോയ്സ് നം | വേപ്പിൻ പിണ്ണാക്ക് @₹28 | സ്യൂഡോ മോണസ് @₹100 | ട്രൈക്കോ ഡർമ ₹100 | കുമ്മായം @₹16 | മൈക്രോ ന്യൂട്രന്റ് @₹90 | Pgpr-Mix-1 @₹140 | Pgpr-Mix-II, @₹140 | ബയോ പൊട്ടാഷ്, @₹70 | ആകെ തുക ₹ | ധന സഹായ തുക ₹ | ബിൽ നം: തീയതി |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 852 | 48 | 36 | 780 | 24 | 30 | 30 | 48 | 58656 | 43992 | ബിൽ നം:15/ 2017-18/ 08.03.2018 |
| | 2 | 142 | 8 | 6 | 130 | 4 | 5 | 5 | 8 | 9776 | 7332 | ബിൽ നം:15/ 2017-18/ 08.03.2018 |
| ആകെ | | | | | | | | | | | 53768 | |

ഒട്ടാകെ ₹1978293+₹53768=₹2032061/-

സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉത്പാദിപ്പിക്കുന്നവയിൽ നിന്നും കൃഷി ഓഫീസർ കൺവീനറായുള്ള പർച്ചേസിംഗ് കമ്മിറ്റിക്ക് സാധനങ്ങൾ വാങ്ങി വിതരണം നടത്തുന്നതിനാണ് 03.04.2017 ലെ സ.ഉ(കൈ) 80/2017 ഖ 8.1 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം കർഷകർ നേരിട്ട് ബാങ്കിൽ അടച്ച് വളം കൈപ്പറ്റുകയും പ്ലാൻ ഫണ്ട് ബാങ്കിന് കൈമാറുകയുമാണ് കൃഷി ഓഫീസർ മേൽ പദ്ധതികളിൽ ചെയ്തിരിക്കുന്നത്. കൃഷി ഓഫീസർ നിർവ്വഹണ ഓഫീസറായ പദ്ധതികളുടെ തുക കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി അനുവദിക്കുന്നതിന് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതിന് 08.12.2017 ലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തു. പ്രോജക്ടുകളുടെ ആനുകൂല്യം ശാന്തൻപാറ സർവ്വീസ് സഹകരണ ബാങ്ക് വഴി അനുവദിക്കുന്നത് സംബന്ധിച്ചുള്ള കൃഷി ഓഫീസറുടെ അപേക്ഷ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 11.12.2017 ലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ തീരുമാനപ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും വളം വാങ്ങാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നല്കിയതായി കണക്കാക്കുവാൻ സാധ്യമല്ല. ശാന്തൻപാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വളം ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനമല്ല. വളം വിതരണ പ്രസ്ഥാനം മാത്രമാണ്. ആയതിനാൽ ക്വട്ടേഷൻ ക്ഷണിക്കാതെ ശാന്തൻപാറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ജൈവവളങ്ങൾ വാങ്ങിയത് ഉചിതമായ നടപടിയല്ല. സർക്കാർ നിർദ്ദേശം മറികടന്ന് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയതിന് ധനസഹായം നല്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വിലയിരുത്തുന്നു.

### **3-8** <u>വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ– ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സം</u>**₹850895/-.**

വെറ്ററിനറി സർജൻ തൻവർഷം നിർവ്വഹണം നടത്തിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി ഒഴികെ മറ്റ് പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ താഴെ പരാമർശിക്കും പ്രകാരം ₹15,56,320/- ചെലവ് വന്നിട്ടുണ്ട്.

| പദ്ധതി നം | പദ്ധതി നം | തുക ₹ |
|---|---|---|
| 54/2017-18 | പാലിന് സബ്സിഡി | 685320 |
| 57/2017-18 | ആട് വളർത്തൽ (ജനറൽ) | 220000 |
| 107/2017-18 | ആട് വളർത്തൽ (എസ്.സി വനിത) | 450000 |
| 110/2017-18 | മുട്ടക്കോഴി വിതരണം(വനിത) | 189000 |
| 208/2017-18 | മുട്ടക്കോഴി വിതരണം (എസ്.സി വനിത) | 12000 |
| ആകെ | | 1556320 |

ഗുണഭോക്തൃ വിഹിതം ഒഴികെ ട്രഷറിയിൽ നിന്നും പിൻ വലിച്ച തുക ₹8,50,895/-യുടെ വിശദാംശം താഴെ നൽകുന്നു.

| ബിൽ നം | തീയതി | തുക₹ |
|---|---|---|
| 5/2017-18 | 24.02.2018 | 35000 |
| 6/2017-18 | 24.02.2018 | 45000 |
| 7/2017-18 | 28.02.2018 | 25000 |
| 8/2017-18 | 28.02.2018 | 67500 |
| 9/2017-18 | 28.02.2018 | 5000 |
| 12/2017-18 | 26.03.2018 | 112500 |
| 13/2017-18 | 26.03.2018 | 15000 |
| 14/2017-18 | 26.03.2018 | 94500 |
| 16/2017-18 | 26.03.2018 | 299895 |
| 19/2017-18 | 28.03.2018 | 9000 |
| 20/2017-18 | 28.03.2018 | 30000 |
| 21/2017-18 | 28.03.2018 | 112500 |
| ആകെ | | 850895 |

ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പ്രോജക്ട് റിപ്പോർട്ടും ഗുണഭോക്താക്കളുടെ അപേക്ഷയും മാത്രമാണുള്ളത്. വാങ്ങലുകൾ എവിടെ നിന്നാണ് നടത്തിയതെന്നോ എങ്ങനെയാണെന്നുള്ള രേഖകളോ ഇല്ല. എത്ര എണ്ണം വാങ്ങിയതെന്നോ എത്ര ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതെന്നോ വ്യക്തമാക്കുന്ന രേഖകൾ, രജിസ്റ്റർ എന്നിവ ലഭ്യമല്ല. വെറ്ററിനറി സർജന്റെ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. ഫയലുകളുടെ പരിപാലനത്തിന് അലംഭാവം വരുത്തിയതിനുള്ള വിശദീകരണം രേഖാമൂലം നൽകേണ്ടതാണ് കാണിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അതേതുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് റിക്വിസിഷനും മറുപടി ലഭ്യമാക്കിയില്ലാത്തതിനാൽ സമൺസ് നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയൽ ഹാജരാക്കുന്നതിൽ അലംഭാവം തുടർന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് നിർദ്ദേശിക്കുന്ന തരത്തിൽ തുടർ

നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-9 മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി/നം. | തുക പിൻവലിച്ച ബിൽ നം./തീയതി | തുക | തുക നൽകിയ സ്ഥാപനം. |
|---|---|---|---|
| പി.എച്ച്.സി.ക്ക് മരുന്നുവാങ്ങൽ (68/18) | 5/17-18 /14.3.18 | 3,50,000/- | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്. |
| പി.എച്ച്.സി.ക്ക് മരുന്നുവാങ്ങൽ (68/18) | 8/17-18 /16.3.18 | 1,05,271/- | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്. |
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (69/18) | 10/17-18 /16.3.18 | 1,50,000/- | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോർപ്പറേഷൻ |
| | ആകെ | 6,05,271/- | |

മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹605271/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-10 ആശ്രയ പദ്ധതി -₹300000 വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 50/18 |
| അടങ്കൽ - വികസന ഫണ്ട് | 3,00,000/- |
| ബിൽ നം. | 10/17-18/20.2.18 ₹3,00,000/- |
| ഇംപ്ലിമെന്റിംഗ് ഓഫീസർ | വി.ഇ.ഒ. |

അഗതികൾക്ക് സേവനം നൽകൽ എന്ന പ്രോജക്ടിനായി മേൽ ബിൽ പ്രകാരം ₹3,00,000/- പിൻവലിച്ച് സിഡിഎസിന്റെ ആശ്രയ അക്കൗണ്ടിൽ (യൂണിയൻ ബാങ്ക് രാജകുമാരി ബ്രാഞ്ച് അക്കൗണ്ട് നം.372202010006492) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയിട്ടില്ല. അഗതികൾക്ക് സേവനം നൽകൽ പോലുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഐ.കെ.എം ന് വിഹിതം നൽകിയതിന് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സം ₹70000/-

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 1/2018 |
| അടങ്കൽ | ₹70000/- |
| ബിൽ നം | 6/2017-19 തീ:08.01.2018 |
| തുക | ₹70000/- |

ഐ.കെ.എം വിഹിതമായി മേൽ പരാമർശിച്ച ബിൽ പ്രകാരം ₹70000/- തുക പിൻ വലിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ₹70000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ തിരിച്ചറിയാനാകാത്ത തുക അവശേഷിക്കുന്നു.

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.റ്റി രാജകുമാരി ശാഖയിലുള്ള അക്കൗണ്ടിൽ (67053189576), 31.03.2018-ൽ, ₹264835/- നീക്കിയിരിപ്പുള്ളതായി പാസ്ബുക്കിൽ കാണുന്നു. പ്രസ്തുത തുക ഏതിനത്തിൽ ഉള്ളതാണെന്ന് വ്യക്തതയില്ല. നിലവിൽ പദ്ധതി ഫണ്ട് വിനിയോഗം ട്രാൻസ്ഫർ ക്രഡിറ്റ് വഴി നടത്തുന്നതിനാൽ, തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തിന് മാത്രമാണ് ഈ അക്കൗണ്ട് നിലനിർത്തുന്നത്. തൃപ്തികരമായി വേല പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കി അസി.എഞ്ചിനീയർ ലഭ്യമാക്കുന്ന ശുപാർശയിന്മേൽ പ്രതിഫലം ട്രാൻസ്ഫർ ക്രഡിറ്റായോ ഡി.ഡിയായോ ഗ്രാമപഞ്ചായത്തിന് നേരിട്ട് നല്കാവുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഇത്തരമൊരു ബാങ്ക് അക്കൗണ്ട് അസി.എഞ്ചിനീയറുടെ പേരിൽ നിലനിർത്തേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. മുൻ വർഷ റിപ്പോർട്ടിൽ ഈ വിഷയം സൂചിപ്പിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അവശേഷിക്കുന്ന തുക സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 4,50,000/- | പാലിന് സബ്സിഡി (S054/18) | 3,85,425/- | 64575/- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പ/വായ്പ തിരിച്ചടവ് ഇനത്തിലുള്ള വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/09.07.18) നൽകിയ മറുപടിയിൽ തുക രേഖപ്പെടുത്തിയതിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെന്നും ആയത് 2018-19 ലെ വാർഷിക കണക്കുകളിൽ ആവശ്യമായ മാറ്റം വരുത്തി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഹൗസിംഗ് | 229/1/ ത.സ്വ.ഭ./ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സ്കീം | 21.01.10 | | | | | |
| വാർഷിക കണക്കുകൾ പ്രകാരമുള്ള തുക | | | 9958624 | 1750000 | ഇല്ല | 8208624 |
| രജിസ്റ്റർ പ്രകാരമുള്ള തുക | | 17710261 | 8208624 | 1750000 | ഇല്ല | 6458624 |

കണക്കുകൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 156950 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ – 16050/- പുതുക്കി നിക്ഷേപിച്ചു) | 16050 |
| ആകെ | 173000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 173000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പഞ്ചായത്ത് എംപ്ലോയ്സ് കോപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം (ഡെപ്പോസിറ്റ് നം.1342 തീ.20.2.18) | 173000 |
| ആകെ | 173000 |

2017-18 ലെ വാർഷിക കണക്കിൽ സ്ഥിരനിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് തുക ₹156950/- ആകുന്നു. എന്നാൽ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റിൽ ഇത് ₹173000/- എന്നാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 2/19.07.18) നൽകിയ മറുപടിയിൽ – 20.02.2018 ൽ നിലവിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം പുതുക്കി മേൽ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ₹173000/- നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലയെന്നും ആയത് 2018-19 ലെ വാർഷിക കണക്കുകളിൽ ആവശ്യമായ മാറ്റം വരുത്തി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കണക്കുകൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7302/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1996-97 | ലഭ്യമല്ല | 7302/- | ശ്രീ. പി. എ. നജ്മും, സെക്രട്ടറി | 117020900025/ 31.3.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.53.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതി യും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 25 | P.A. Sathidas, Secretary, | LF.15634/ SC2/02 dt.21.05.03 | 3211 | തുക അടവാ ക്കിയിട്ടില്ല. | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 dt.24.7.04 | 26800 | തുക അടവാ ക്കിയിട്ടില്ല. | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 dt.25.9.06 | 2288 | തുക ഈടാ ക്കിയിട്ടില്ല | | | | | 2288 | |

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 dt.21.5.03 | 7591 | തുടർ നടപടി കൾ സ്വീകരി ച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 dt.27.3.03 | 37430 | തുടർ നടപടി കൾ സ്വീകരി ച്ചിട്ടില്ല | CMA 118/03, Dist Court, Thodu puzha to DD dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P.D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 4700 | തുടർ നടപടി കൾ സ്വീകരി ച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 37000 | തുടർ നടപടി കൾ സ്വീകരി ച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A.Saydu, Sec | LF 22159/ SP.Cell/ S.C2/03 dt.24.7.04 | 8000 | തുടർ നടപടി കൾ സ്വീകരി ച്ചിട്ടില്ല | | | | | 8000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69598873 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69098997 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79831 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1526166 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 60147 | ₹30074-ശ്രീ. ജിബ്സൻ ജോസ്-അസി.എക്സി.എഞ്ചിനിയർ<br>₹30073-ശ്രീ. പി.ബി.പ്രമോദ്-അസി.എഞ്ചിനിയർ |
| 3-4 | | 19684 | ₹9842-ശ്രീ. ജിബ്സൻ ജോസ്-അസി.എക്സി.എഞ്ചിനിയർ<br>₹9842- ശ്രീ. പി.ബി.പ്രമോദ്-അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 850895 | ഡോ.എസ്. കാളീശരൻ |
| 3-9 | 605271 | ഡോ. സെബീന സി.പി, മെഡിക്കൽ ഓഫീസർ |
| 3-11 | 70000 | ശ്രീ. ബാബു സുരേഷ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം, | തുക | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2-1 | 206918 | 206918 | - | ശ്രീ. ബാബു സുരേഷ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിബ്സൻജോസ്-അസി.എക്സി.എഞ്ചിനിയർ | അസി. എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി- സബ് ഡിവിഷൻ, ചെങ്ങന്നൂർ | അടിച്ചിറമാക്കൽ, ഈസ്റ്റ് റയിൽവേ സ്റ്റേഷൻ, മാവേലിക്കര പി.ഒ., ആലപ്പുഴ |
| പി.ബി.പ്രമോദ്- | അസി.എഞ്ചിനിയർ | പോത്തൻശ്ശേരിൽ |

| | | |
|---|---|---|
| അസി.എഞ്ചിനിയർ | കൂത്താട്ടുകുളം നഗരസഭ | വണ്ണപ്പുറം.പി.ഒ തൊടുപുഴ-ഇടുക്കി 685607 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 9 | 25, 28, 32, 35, 39, 41 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 5 | 26, 43, 44, 46, 49, 50, 51, 52, 53 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-4 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-5 |
| 2006-07 | എൽ.എഫ്.ഐ-14/1044/2010 26.05.2011/04.08.2011 | 12 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-14/1159/ 11/07.03.12 | 9 | 1(1),2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4 |
| 2008-09 | നം.എൽ.എഫ്.ഐ-14/ 1159/11/31.12.2012 | 13 | 1(1),1(2),1-3,2-2, 2-3, 2-4, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10 |
| 2009-10 | നം.എൽ.എഫ്.ഐ.14/ 655/12/06.06.14 | 16 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2010-11 2011-12 | എൽ.എഫ്.ഐ-14/623/13 01.04.2015 | 15 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ.14/1384/15/ 09.05.2016 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-8 |
| 2013-14 & 2014-15 | കെ.എസ്.എ/ഐ.ഡി.കെ-14/1600/18/06.04.18 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ/ഐ.ഡി.കെ-14/415/2017/18.04.2017 | 9 | 2-1, 2-2, 2-3, 3-1, 3-3, 3-4, 3-5,3-6, 3-7 |
| 2016-17 | കെ.എസ്.എ/ഐ.ഡി.കെ-14/16/2018/03.04.2018 | 9 | 2-2, 2-3, 3-1, 3-5, 3-6, 3-7,3-8, 3-10, 3-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ -14/982/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:24.09.2018
Ph: 04862227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ശാന്തൻപാറ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി ജില്ല